എ.വൈ.ആർ

വൈദിക വിഭാഗങ്ങളായ യഹൂദരും ക്രിസ്ത്യാനികളുമാണ് അല്ലാഹുവിനെ സ്നേഹനിധിയായും ദയാമയനായും വിശേഷിപ്പിക്കുകയും വിളിക്കുകയും ചെയ്തിരുന്നത്. അറേബ്യൻ മുശ്രിക്കുകളുടെ സങ്കൽപ്പത്തിലുണ്ടായിരുന്ന ദൈവങ്ങൾ വീരശൗര്യങ്ങളും ദാർഢ്യവും കാർക്കശ്യവും മുറ്റിയ അസ്തിത്വങ്ങളായിരുന്നു. മുഹമ്മദ് നബി (സ) തുടക്കം മുതലേ സ്നേഹസാഗരവും പരമ ദയാലുവുമായ ദൈവത്തെ പരിചയപ്പെടുത്തിയപ്പോൾ അവർക്കത് അരോചകമായിതോന്നി.



وَإِذَا قِيلَ لَهُمُ اسْجُدُوا لِلرَّحْمَٰنِ قَالُوا وَمَا الرَّحْمَٰنُ أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا ۩ ﴿٦٠﴾

60. റഹ്മാന് (പരമകാരുണികനായ ദൈവത്തിന്) പ്രണാമം ചെയ്യുവിൻ എന്നുപദേശിച്ചാൽ ഈ സത്യനിഷേധികൾ ചോദിക്കുകയായി: എന്തു റഹ്മാൻ?! നീ കൽപ്പിക്കുന്നതിനൊക്കെ ഞങ്ങൾ പ്രണാമം ചെയ്യുകയോ? അത് അവരുടെ വെറുപ്പും അകന്നുപോക്കും വളർത്തുകയും ചെയ്യുന്നു.

**60**

وَإِذَا قِيلَ لَهُمْ = അവരോട് പറയപ്പെട്ടാൽ (ഉപദേശിച്ചാൽ)    اسْجُدُوا = നിങ്ങൾ പ്രണാമം ചെയ്യുവിൻ (എന്ന്)

لِلرَّحْمَٰنِ = പരമകാരുണികന്    قَالُوا = അവർ പറഞ്ഞു (ഈ സത്യനിഷേധികൾ ചോദിക്കുകയായി)

وَمَا الرَّحْمَٰنُ = എന്തു റഹ്മാൻ?    أَنَسْجُدُ = ഞങ്ങൾ പ്രണാമം ചെയ്യുകയോ?!

لِمَا تَأْمُرُنَا = നീ ഞങ്ങളോട് കൽപ്പിക്കുന്നതിന് (ഒക്കെ)    وَزَادَهُمْ = അത് അവരിൽ വളർത്തുകയും ചെയ്തു (ചെയ്യുന്നു)

نُفُورًا = അകന്നു പോക്കും വെറുപ്പും

അല്ലാഹുവിന്റെ പ്രഥമഗണനീയ ഗുണമാണ് رحمة (കാരുണ്യം). ഇതിന്റെ കർതൃവചനമായ راحم-ന്റെ അത്യുത്തമ വാചി(Superlative)യാണ് رحمن. كَتَبَ عَلَىٰ نَفْسِهِ الرَّحْمَةَ (കാരുണ്യം തന്റെ സത്തയിൽ രേഖപ്പെടുത്തിയിരിക്കുന്നു-6:12) എന്ന് അല്ലാഹു പറയുന്നുണ്ട്. അല്ലാഹുവിന്റെ رحمن، رحيم എന്നീ ഗുണങ്ങളെക്കുറിച്ച് *ഖുർആൻ ബോധനം* സുറഃ *അൽഫാതിഹ*യുടെ ആമുഖത്തിൽ വിശദമായി ചർച്ചചെയ്തിരിക്കുന്നു. കാരുണ്യം (رحمة) എന്ന ദൈവഗുണവും പരമകാരുണികൻ (رحمن) എന്ന ദൈവനാമവും അറബികൾ പൊതുവിൽ ഉപയോഗിച്ചിരുന്നില്ല. പരമേശ്വരനെ അല്ലാഹു എന്നു വിളിച്ചു. പിന്നെ അവരവരാരാധിക്കുന്ന ദൈവങ്ങൾക്ക് അവർ നൽകിയ പേരുകളുമുണ്ടായിരുന്നു; ലാത്ത, മനാത്ത എന്നിങ്ങനെ. വൈദിക വിഭാഗങ്ങളായ യഹൂദരും ക്രിസ്ത്യാനികളുമാണ് അല്ലാഹുവിനെ സ്നേഹനിധിയായും ദയാമയനായും വിശേഷിപ്പിക്കുകയും വിളിക്കുകയും ചെയ്തിരുന്നത്. അറേബ്യൻ മുശ്രിക്കുകളുടെ സങ്കൽപ്പത്തിലുണ്ടായിരുന്ന ദൈവങ്ങൾ വീരശൗര്യങ്ങളും ദാർഢ്യവും കാർക്കശ്യവും മുറ്റിയ അസ്തിത്വങ്ങളായിരുന്നു. മുഹമ്മദ് നബി (സ) തുടക്കം മുതലേ സ്നേഹസാഗരവും പരമ ദയാലുവുമായ ദൈവത്തെ പരിചയപ്പെടുത്തിയപ്പോൾ അവർക്കത് അരോചകമായിതോന്നി. അത് ദേശീയ സങ്കൽപ്പത്തിന് ഇണങ്ങാത്തതായി കണ്ടു. തൗറാത്തിന്റെയും ഇഞ്ചീലിന്റെയും വാഹകരെപ്പോലെ പ്രവാചകൻ ദൈവത്തിന്റെ കാരുണ്യവും ദയയും പേർത്തും പേർത്തും ഊന്നിപ്പറയുന്നത് അദ്ദേഹം വേദക്കാരിൽനിന്ന് പഠിച്ചുപകർത്തുന്നതാണീ ഖുർആൻ എന്ന തങ്ങളുടെ വാദത്തിനു തെളിവായും ചൂണ്ടിക്കാണിക്കപ്പെട്ടു. അതുകൊണ്ട് അല്ലാഹുവിനെ 'റഹ്മാൻ' എന്നു വിശേഷിപ്പിക്കാനും വിളിക്കാനും അവർ വിസമ്മതിച്ചു. ദൈവത്തെ رحمن എന്നു വിളിച്ചു പ്രാർഥിക്കുന്നത് അസാധുവായിരുന്നു. മാത്രമല്ല അത് മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഏകദൈവത്വത്തിനും എതിരാണെന്ന വാദവുമുയർന്നു. അല്ലാഹുവിനോട് മാത്രമേ പ്രാർഥിക്കാവൂ എന്നു പറയുന്നവർ റഹ്മാനോടും പ്രാർഥിക്കുന്നു എന്നായിരുന്നു ന്യായം. ഈ പശ്ചാത്തലത്തിലാണ്

قُلِ ادْعُوا اللَّهَ أَوِ ادْعُوا الرَّحْمَٰنَ ۖ أَيًّا مَا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَىٰ (പ്രവാചകൻ ജനത്തോട് പറയുക: നിങ്ങൾ അല്ലാഹു എന്നു വിളിച്ചുപ്രാർഥിച്ചുകൊള്ളുക. അല്ലെങ്കിൽ റഹ്മാൻ എന്നു വിളിച്ചുകൊണ്ട് പ്രാർഥിച്ചുകൊള്ളുക. ഏതു ദൈവനാമം വിളിച്ചും പ്രാർഥിക്കാം. വിശിഷ്ടനാമങ്ങളൊക്കെയും അവന്റേതാകുന്നു-17:110).

*അൽ ഫുർഖാനി*ലെ ഈ സൂക്തം വായിക്കുന്നവരും കേൾക്കുന്നവരും പാരായണ പ്രണാമം- سجود التّلاوة-ചെയ്യുന്നത് ഉത്തമമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. താബിഈ പണ്ഡിതനായ ളഹ്ഹാക്ക് പറയുന്നു: 'പ്രവാചകനും ശിഷ്യന്മാരും ഈ സൂക്തം ഓതുമ്പോൾ സുജൂദ് ചെയ്തു. അതു കണ്ട് വിഗ്രഹാരാധകർ അവരെ പരിഹസിച്ചുകൊണ്ട് മസ്ജിദുൽ ഹറാമിന്റെ മറ്റൊരു ഭാഗത്തേക്ക് അകന്നുപോയി. സൂക്താന്ത്യത്തിലെ وَزَادَهُمْ نُفُورًا എന്ന വാക്യം സൂചിപ്പിക്കുന്നതിതിനെയാണ്.''

ഈ സന്ദർഭത്തിൽ വചനസാരം ഇതാണ്: പ്രപഞ്ച സ്രഷ്ടാവിന്റെ ഏറ്റം മികച്ച വിശേഷണമാണ് റഹ്മാൻ. ഉൾക്കണ്ണ് തുറന്നുനോക്കുന്നവർക്ക് എല്ലാ സൃഷ്ടിപ്രതിഭാസങ്ങളിലും അവന്റെ കാരുണ്യം തിളങ്ങുന്നതു കാണാം. പക്ഷേ റഹ്മാന് പ്രണാമം ചെയ്യുവിൻ, ഇബാദത്ത് ചെയ്യുവിൻ എന്നുപദേശിക്കുമ്പോൾ ഈ മൂഢജനം ധിക്കാരപൂർവം ചോദിക്കുന്നു: എന്താണീ റഹ്മാൻ? നീ കൽപ്പിക്കുന്നതിനൊക്കെ ഞങ്ങൾ നമിക്കണമെന്നോ? ദേശീയ സങ്കൽപ്പത്തിനും പാരമ്പര്യ മതാചാരങ്ങൾക്കും നിരക്കാത്ത ആചാരങ്ങൾ സ്വീകരിക്കാൻ ഞങ്ങൾക്കു മനസ്സില്ല. റഹ്മാൻ എന്താണെന്നു മനസ്സിലാകാത്തതല്ല പ്രശ്നം. റഹ്മാൻ എന്ന പേരിൽ അല്ലാഹുവിനെ വിളിക്കുന്നതും പ്രാർഥിക്കുന്നതും ദേശീയ പാരമ്പര്യത്തിന് എതിരാകുന്നു എന്നതാണ്. ഫറവോൻ മൂസാ(അ)യോട് وَمَا رَبُّ الْعَالَمِينَ (സർവലോകനാഥൻ എന്ത്?-26:23) എന്നു ചോദിച്ചതു പോലെയാണിത്. ലോകനാഥൻ എന്താണെന്ന് അന്വേഷിക്കുകയല്ല, തന്റെ അധികാരത്തിനു മീതെ ഒരധികാരശക്തിയെ അംഗീകരിക്കാൻ വിസമ്മതിക്കുകയാണ് ഫറവോൻ ചെയ്യുന്നത്. റഹ്മാനായ തമ്പുരാനെ നമിക്കാനുള്ള ഉപദേശം വിനയത്തിനും വിവേകത്തിനും പകരം അവരിൽ വളർത്തുന്നത് വെറുപ്പും അകൽച്ചയുമാണ്. മൂലത്തിലെ نُفُور ഓടിയകലുന്നതിനും ആശങ്കപ്പെടുന്നതിനും വെറുക്കുന്നതിനും ഉപയോഗിക്കുന്ന പദമാണ്. ഇവിടെ ഉദ്ദേശ്യം വെറുപ്പോടെ അകന്നുപോകലാണ്. ■

---

تَبَارَكَ الَّذِي جَعَلَ فِي السَّمَاءِ بُرُوجًا وَجَعَلَ فِيهَا سِرَاجًا وَقَمَرًا مُنِيرًا ﴿٦١﴾

61. വാനലോകത്ത് കോട്ടകൾ സ്ഥാപിക്കുകയും അതിൽ ദീപവും പ്രശോഭിതമായ ചന്ദ്രനും, ഉണ്ടാക്കുകയും ചെയ്തവൻ അളവറ്റ അനുഗ്രഹമുടയവനത്രെ.

وَهُوَ الَّذِي جَعَلَ اللَّيْلَ وَالنَّهَارَ خِلْفَةً لِمَنْ أَرَادَ أَنْ يَذَّكَّرَ أَوْ أَرَادَ شُكُورًا ﴿٦٢﴾

62. രാപ്പകലുകൾ ഒന്നിനു പിറകെ ഒന്നായി വരുന്നവിധം ക്രമീകരിച്ചുവെച്ചതും അവനാകുന്നു; യാഥാർഥ്യബോധമുൾക്കൊള്ളാനും നന്ദിയുള്ളവരായിരിക്കാനും ആഗ്രഹിക്കുന്നവർക്ക് ഇതുതന്നെ മതിയായ ദൃഷ്ടാന്തമാകുന്നു.

**61,62**

تَبَارَكَ = (അളവറ്റ) അനുഗ്രഹമുടയവനത്രെ
الَّذِي جَعَلَ فِي السَّمَاءِ بُرُوجًا = വാനലോകത്ത് കോട്ടകൾ, താരരാശി വ്യൂഹങ്ങൾ ആക്കിയവൻ (സ്ഥാപിക്കുകയും)
وَجَعَلَ فِيهَا = അതിൽ (ഉണ്ടാ)ആക്കുകയും ചെയ്തവൻ; سِرَاجًا = ദീപം; وَقَمَرًا = ചന്ദ്രനും; مُنِيرًا = പ്രശോഭിതമായ
وَهُوَ = അവനാകുന്നു; الَّذِي جَعَلَ = ആക്കിയവൻ (ക്രമീകരിച്ചുവെച്ചതും); اللَّيْلَ وَالنَّهَارَ = രാപ്പകലുകളെ
خِلْفَةً = പിൻഗാമിയായി (ഒന്നിനു പിറകെ ഒന്നായി വരുന്ന വിധം); لِمَنْ أَرَادَ = ഉദ്ദേശിക്കുന്നവന്, ആഗ്രഹിക്കുന്നവന്
أَنْ يَذَّكَّرَ = (യാഥാർഥ്യ)ബോധമുൾക്കൊള്ളാൻ
أَوْ أَرَادَ = അല്ലെങ്കിൽ ഉദ്ദേശിക്കുന്നവന്, ആഗ്രഹിക്കുന്നവന്
شُكُورًا = നന്ദിയുള്ളവനാവാൻ (ഇതുതന്നെ മതിയായ ദൃഷ്ടാന്തമാകുന്നു)

സൂറ ഉപസംഹാരത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് സുപ്രധാനമായ രണ്ടു ദൃഷ്ടാന്തങ്ങളിലേക്കു കൂടി ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലാഹുവിന്റെ അതിരറ്റ കഴിവും കാരുണ്യവും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങൾക്ക് പ്രപഞ്ചത്തിൽ ഒരു പഞ്ഞവുമില്ല. മനസ്സിനെയും ബുദ്ധിയെയും ജാഗ്രത്താക്കാൻ പര്യാപ്തമായ ദൃഷ്ടാന്തങ്ങൾ നിറഞ്ഞു കിടക്കുകയാണെങ്ങും. പക്ഷേ അവയുടെ പ്രയോജനം സ്വന്തം ഇഛയെ ആശ്രയിച്ചിരിക്കുന്നു. സത്യം അറിയാനും അനുസരിക്കാനും, തനിക്ക് ജീവനും ജീവിത സൗകര്യങ്ങളുമരുളിയ സ്രഷ്ടാവിനോട് നന്ദിയുള്ളവനായിരിക്കാനും

ഒട്ടും ആഗ്രഹിക്കാത്തവർക്ക് ദൃഷ്ടാന്തങ്ങൾ കാണാനോ പ്രയോജനപ്പെടുത്താനോ കഴിയില്ല. അതുകൊണ്ടാണ് ദൃഷ്ടാന്തങ്ങൾ ബോധമുൾക്കൊള്ളാനും നന്ദി കാണിക്കാനും ആഗ്രഹിക്കുന്നവർക്ക് വേണ്ടി- لِمَنْ أَرَادَ أَنْ يَذَّكَّرَ أَوْ أَرَادَ شُكُورًا -എന്ന് എടുത്തുപറഞ്ഞത്.

'ബുർജി'ന്റെ ബഹുവചനമാണ് بُرُوج. ഗോപുരം, നിരീക്ഷണ കേന്ദ്രം, കോട്ട, താരരാശി, വ്യൂഹം എന്നൊക്കെയാണ് അതിന്റെ അർഥം. ഇതിൽ വ്യൂഹം ഒഴിച്ച് മറ്റർഥങ്ങൾ സ്വീകരിച്ചു നൽകപ്പെട്ട വ്യാഖ്യാനങ്ങൾ സൂറഃ *അൽ ഹിജ്ർ* 16-18 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ഉദ്ധരിച്ചിരിക്കുന്നു. جَعَلَ فِي السَّمَاءِ بُرُوجًا എന്ന വാക്യത്തെ മാനത്ത് താരവ്യൂഹങ്ങൾ സ്ഥാപിച്ചു എന്ന അർഥത്തിലെടുക്കുമ്പോൾ താൽപര്യമിതാണ്: സൗരയൂഥം, ക്ഷീരപഥം എന്നിങ്ങനെ പലതരം താരസമുച്ചയങ്ങൾ മാനത്തുണ്ട്. സൂര്യനും ചന്ദ്രനും അവയുടെ ഉപഗ്രഹങ്ങളും ചേർന്നതാണ് സൗരയൂഥം. അനേകം സൗരയൂഥങ്ങളടങ്ങിയ മഹാവ്യൂഹമാണ് ക്ഷീരപഥം. അത്തരം നിരവധി ക്ഷീരപഥങ്ങളുണ്ട്. ഇവയെല്ലാം മനുഷ്യന് സുഗമജീവിതം സാധ്യമാക്കുന്നതിനു വേണ്ടി സംവിധാനിച്ചതാണ്. ഈ സംവിധാനം ഏർപ്പെടുത്തിയവൻ സകല ന്യൂനതകൾക്കും അതീതനായ പരമപരിശുദ്ധനും അനുഗ്രഹമുടയവനുമാകുന്നു എന്ന് അല്ലാഹു സ്വയം പ്രകീർത്തിച്ചുകൊണ്ടാണ് സൂക്തം തുടങ്ങുന്നത്. ഈ സൂറഃ തുടങ്ങിയത് تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ (ഈ ഖുർആൻ അവതരിപ്പിച്ചവൻ അനുഗ്രഹമുടയവനാകുന്നു) എന്ന് അല്ലാഹു സ്വയം പുകഴ്ത്തിക്കൊണ്ടാണ് എന്നത് ശ്രദ്ധേയമാകുന്നു. ഭൂമിയിലുള്ള മനുഷ്യന്റെ സന്മാർഗദർശനാർഥം ഖുർആൻ അവതരിപ്പിച്ചതുപോലെയുള്ള അനുഗൃഹീതമായ ദൈവികനടപടിയാണ് മനുഷ്യന്റെ ജീവിതസൗകര്യാർഥം വാനലോകത്ത് നക്ഷത്ര വ്യൂഹങ്ങൾ സംവിധാനിച്ചതും എന്ന ആശയമാണ് ഇതിൽ പ്രകാശിതമാകുന്നത്.

സൗരയൂഥത്തിലെ മുഖ്യതാരങ്ങളാണ് സൂര്യനും ചന്ദ്രനും. ഭൂമിയുടെ നിലവിലുള്ള പ്രകൃതി നിലനിർത്തുന്നതിൽ ഇവ രണ്ടും അതിപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. സൂര്യനെയാണ് ഇവിടെ ദീപം (سِرَاج) എന്നു പരാമർശിച്ചിരിക്കുന്നത്. സൂര്യദീപത്തിന്റെ വെളിച്ചത്താൽ പ്രശോഭിക്കുന്ന ഗ്രഹമാണ് ചന്ദ്രൻ. സൂര്യചന്ദ്രന്മാരുടെ കൃത്യതയോടെയുള്ള പ്രവർത്തനം മൂലമാണ് ഭൂമിയിൽ രാപ്പകലുകൾ ഒന്നിനു പിറകെ മറ്റൊന്നായി ക്രമം തെറ്റാതെ സംജാതമായിക്കൊണ്ടിരിക്കുന്നത്. ഇതൊന്നും യാദൃഛികമായി സംഭവിക്കുന്നതല്ല. ഈ ക്രമത്തിൽ സംഭവിക്കുന്നതിനു വേണ്ടി അല്ലാഹു ഭൂമിയെയും ഗഗനഗോളങ്ങളെയും ആസൂത്രിതമായി സൃഷ്ടിച്ചു പാലിച്ചുകൊണ്ടിരിക്കുകയാണ്. ഈ സൂക്തത്തിൽ ഉപയോഗിച്ച خِلْفَة എന്നതിന്റെ ആശയം മറ്റു സൂക്തങ്ങളിൽ പരാമർശിക്കുന്ന اخْتِلَافِ اللَّيْلِ وَالنَّهَارِ -ന്റേതു തന്നെയാണ്. ഒന്നിനു മറ്റേതുമായുള്ള എല്ലാതരം ഭിന്നതയെയും വ്യത്യാസത്തെയും കുറിക്കുന്ന പദമാണ് اخْتِلَاف. രണ്ടു പേർ തമ്മിലുണ്ടാകുന്ന അഭിപ്രായവ്യത്യാസത്തിനും اخْتِلَاف ഉപയോഗിക്കും. ഒന്നിനു പിന്നിലായി മറ്റൊന്ന് വരുന്നതിനു മാത്രമേ خِلْفَة ഉപയോഗിക്കാറുള്ളൂ. ■